<u>(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)</u>

നം.കെ.എസ്.എ-ഐ.ഡി.കെ-10/1571/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം

തൊടുപുഴ,തീയതി:28.11.2016
Ph:04862-227332
e-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്

(സെക്രട്ടറി മുഖേന)

കരിമണ്ണൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :-കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്-2015-16സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട്-പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-10/1571/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം

തൊടുപുഴ,തീയതി:28.11.2016
Ph:04862-227332
e-mail:doidk.ksad@kerala.gov.in

## ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20-07-2016മുതൽ 13-11-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. എസ് മുരളീദാസ് ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 14-11-2016 മുതൽ 21-11-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി. ബേബി സനൂജ | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | | ശ്രീ.എം.റ്റി.സോമൻ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി. മരുൺ മാത്യൂ | അസി. ഓഡിറ്റ് ഓഫീസർ |
| | | ശ്രീ എം. കെ. അഭിലാഷ് | സീനി. ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. ബീന ജോളി | 01-04-2015മുതൽ 28-04-2015 വരെ |
| | | ശ്രീ പോൾ കുഴിപ്പിള്ളിൽ വൈസ് പ്രസിഡന്റ്(അധിക ചുമതല) | 29-04-2015 മുതൽ 13-09-2015വരെ |
| | | ശ്രീമതി. ആൻസി സോജൻ | 14-09-2015 മുതൽ 31-10-2015വരെ |
| | | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 01-11-2015മുതൽ 18-11-2015 വരെ |
| | | ശ്രീ. റ്റോജോ പോൾ | 19-11-2015 മുതൽ 31-03-2016വരെ |
| സെക്രട്ടറി | : | ശ്രീ. ജോർജ്ജ് ജോസഫ് | 01-04-2015 മുതൽ 12-05-2015 വരെ |
| | | ശ്രീ. വി.എ അഗസ്റ്റ്യൻ (അസി.സെക്രട്ടറി അധിക ചുമതല) | 12-05-2015 മുതൽ 20-07-2015 വരെ |
| | | ശ്രീ. കെ.കെ ശശി | 20-07-2015 മുതൽ 31-03-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | : | പേര് | കാലയളവ് |
|---|---|---|---|
| അസി.സെക്രട്ടറി | : | ശ്രീ. വി.എ അഗസ്റ്റ്യൻ | 01-04-2015മുതൽ 19-08-2015 വരെ |
| | : | ശ്രീ.പി.റ്റി ദീപീഷ് | 20-08-2015മുതൽ 31-03-2016 വരെ |
| അസി.എഞ്ചിനീയർ | : | ശ്രീമതി. ശ്രീകല.എം ചന്ദ്രൻ | 01-04-2015മുതൽ 31-03-2016 വരെ |
| കൃഷി ഓഫീസർ | : | ശ്രീ. ബെന്നി തോമസ് | 01-04-2015 മുതൽ 31-03-2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | : | ശ്രീമതി.ജിഷ ജോസഫ് | 01-04-2015മുതൽ 21-12-2015വരെ |
| | | ശ്രീമതി.പി.എ. തങ്കമണി | 22-12-2015മുതൽ 31-01-2016വരെ |
| | | ശ്രീമതി.ജാനറ്റ് എം. സേവ്യർ | 01-02-2016 മുതൽ31-03-2016വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | : | ഡോ. ഖയാസ് | 01-04-2015 മുതൽ 31-03-2016 വരെ |
| വെറ്ററിനറി സർജൻ | : | ഡോ. കെ.കെ ദീപ | 01-04-2015 മുതൽ 31-03-2016 വരെ |
| ഗ്രാമസേവകൻ | : | ശ്രീമതി. സരിത ഇബ്രാഹിം | 01-04-2015 മുതൽ 22-05-2015 വരെ |
| | | ശ്രീ.കെ.കെ രതീഷ് | 23-05-2015 മുതൽ 03-09-2015 വരെ |
| | | ശ്രീ. പി.ജെ അജീഷ് കുമാർ | 04-09-2015 മുതൽ 27-09-2015വരെ |
| | | ശ്രീ.യു.എ സുധീർ | 28-09-2015മുതൽ 31-03-2016 വരെ |

| | | | |
|---|---|---|---|
| | | | |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | : | ഡോ.ടെല്ലസ് കുര്യൻ | 01-04-2015 മുതൽ 31-03-2016 വരെ |
| ഹെഡ് മാസ്റ്റർ ഗവ. യു.പി സ്കൂൾ | : | ശ്രീ. റ്റി.എം സുബൈർ | 01-04-2015 മുതൽ 31-03-2016 വരെ |
| ക്ഷീരവികസന ഓഫീസർ | : | ശ്രീമതി.കെ.കെ.ഉഷാഭായി | 01-04-2015 മുതൽ 31-03-2016 വരെ |

## ഉള്ളടക്കം


| ക്രമ നം | ഇനം | ഖണ്ഡിക നം |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 11 | മൊബൈൽ ടവറുകളുടെ വസ്തു നികുതി പരിഷ്കരിച്ചിട്ടില്ല | 2-1 |
| 12 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-2 |
| | ഭാഗം-3 | |
| 13 | ഇന്ദിര ആവാസ് യോജന- വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല | 3-1 |
| 14 | ചെലവ് രേഖകൾ അപൂർണ്ണം | 3-2 |

| | | |
|---|---|---|
| 15 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണ പ്രോജക്ടിലെ അപാകതകൾ തടസ്സം 2,39,000/- | 3-3 |
| 16 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠന മുറി- അപാകതകൾ | 3-4 |
| 17 | ഖരമാലിന്യ നിർമ്മാർജ്ജനം- ഫയലുകൾ ഹാജരാക്കിയില്ല. | 3-5 |
| 18 | ഹോമിയോ മരുന്ന് വാങ്ങുന്നതിന് തുക നൽകിയെങ്കിലും ലഭ്യമായിട്ടില്ല | 3-6 |
| 19 | മീഡിയാശ്രീക്ക് തുക നൽകിയെങ്കിലും പ്രോജക്റ്റ് പൂർത്തീകരിച്ചില്ല | 3-7 |
| 20 | കൃഷി ഓഫീസറുടെ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല | 3-8 |
| | ഭാഗം-4 | |
| 21 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 17 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 18 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 19 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 20 | ഓഡിറ്റ് റിക്കവറി | 4-6 |
| 21 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 22 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 23 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധം | 1 |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30-03-2015 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം വരവ് ₹6,20,64,000/- ചെലവ് ₹6,04,68,428/-യുമാണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ

തമ്മിൽ കൃത്യമായ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2015 | 11-11-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹1,59,99,677 |
| വരവ് | ₹2,51,64,743 |
| ആകെ | ₹4,11,64,420 |
| ചെലവ് | ₹3,37,98,225 |
| നീക്കിയിരിപ്പ് | ₹73,66,195 |

## 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി ₹ | അലോട്ട്മെന്റ് (ACR പ്രകാരം) ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് | പൊതുവിഭാഗം | 934969 | 7385606 | 8320575 | 7529904 | 0 | 91.92 |
| | എസ്.സി.പി. | 1868012 | 1617000 | 3485012 | 1928250 | 0 | 55.33 |
| | ടി.എസ്.പി. | 150000 | 147000 | 297000 | 145000 | 0 | 48.82 |
| സംരക്ഷണഗ്രാന്റ് | റോഡ് | 327614 | 2426000 | 2753614 | 2726967 | 0 | 99.09 |
| | നോൺറോഡ് | 1044940 | 2320000 | 3364940 | 2476496 | 0 | 73.60 |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1353961 | 2968579 | 4322540 | 4272000 | 0 | 98.83 |
| പെർഫോമൻസ് ഗ്രാന്റ് | 2624392 | 0 | 2624392 | 2537766 | 0 | 96.70 |
| എം.എൻ.ആർ.ഇ.ജി.എസ്. | 78 | 497569 | 497647 | 496040 | 1607 | 99.67 |
| ബി ഫണ്ട് (ഡി.ബി.റ്റി ഫണ്ട് ഉൾപ്പെടെ) | 0 | 15422430 | 15422430 | 15422430 | 0 | 100.00 |
| ആകെ | **8303966** | **32784184** | **41088150** | **37534853** | **1607** | **91.35** |

## **1-6** പദ്ധതി അവലോകനം

ജില്ലാ ആസൂത്രണ സമിതിയുടെ 14-07-2016 ലെ ഡി.പി.സി./543/2015/ഐ.ഡി.കെ നമ്പർ ഉത്തരവ് പ്രകാരം ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 1 57 | 47213229 | 127 | 22785821 | 11 | 19 | 80.89 |

### പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| ക്രമ നം | പദ്ധതി നം & പദ്ധതി | അടങ്കൽ ₹ | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| ഇല്ല | | | |

### വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവ് % |
|---|---|---|---|---|
| 1 | സെക്രട്ടറി | 8320575 | 3289178 | 39.53 |
| 2 | അസി. സെക്രട്ടറി | 3030000 | 1704000 | 56.24 |
| 3 | കൃഷി ഓഫീസർ | 1717800 | 286400 | 16.67 |

| | | | | |
|---|---|---|---|---|
| 4 | വെറ്റിനററി സർജൻ | 230000 | 134500 | 58.48 |
| 5 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 987940 | 849954 | 86.03 |
| 6 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 200000 | 200000 | 100.00 |
| 7 | ഗ്രാമസേവകൻ | 4881400 | 240000 | 04.92 |
| 8 | ഗ്രാമസേവിക | 4083700 | 1093700 | 26.78 |
| 9 | അസി. എഞ്ചിനീയർ | 19361314 | 12338849 | 63.73 |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 2401300 | 1701240 | 70.85 |
| 11 | ഹെഡ് മാസ്റ്റർ | 799200 | 548000 | 68.57 |
| 12 | ക്ഷീര വികസന ഓഫീസർ | 1200000 | 400000 | 33.33 |
| ആകെ | | 47213229 | 22785821 | 48.26 |

വിവിധ ഫണ്ടുകളുടെ ചെലവ് വിവരം

| ക്രമ നം | വിഭാഗം | വകയിരുത്തിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവ്% |
|---|---|---|---|---|
| 1 | പൊതു വിഭാഗം | 8191838 | 7529904 | 91.92 |
| 2 | എസ്.സി.പി | 3485012 | 1928250 | 55.33 |
| 3 | റ്റി.എസ്.പി | 297000 | 145000 | 48.82 |
| 4 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 4322540 | 4272000 | 98.83 |
| 5 | ലോക ബാങ്ക് സഹായം | 2624392 | 2537766 | 96.70 |
| 6 | കേന്ദ്രാവിഷ്കൃത ഫണ്ട് | 700000 | 0 | 0.00 |
| 7 | തനത് ഫണ്ട് | 3686234 | 990952 | 26.88 |
| 8 | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | 519500 | 178486 | 34.36 |

| | | | | |
|---|---|---|---|---|
| 9 | ജില്ലാ പഞ്ചായത്ത് ഫണ്ട് | 225000 | 0 | 0.00 |
| 10 | സംരക്ഷണ ഫണ്ട് (റോഡ്) | 2753614 | 2726967 | 99.03 |
| 11 | സംരക്ഷണ ഫണ്ട് (റോഡിതരം) | 3364940 | 2476496 | 73.60 |
| 12 | മറ്റുള്ളവ | 17043159 | - | 0.00 |
| | ആകെ | 47213229 | 22785821 | 48.26 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പരാമർശിക്കും പ്രകാരം 29.38 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4571214 | 3009536 | (-)1561678 | (-)34.16 |
| നികുതിയേതര വരവുകൾ | 339489 | 359955 | (+)20466 | (+)6.03 |
| മറ്റുവരവുകൾ | 209877 | 246647 | (+)36770 | (+)17.51 |
| ആകെ | 5120580 | 3616138 | (-)1504442 | (-)29.38 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| തൊഴിൽരഹിത വേതനം | | 172320 | 128 |
| കർഷകതൊഴിലാളി പെൻഷൻ | ഡി.ബി.റ്റി മുഖേന ചെലവഴിച്ചത് | 3267120 | 417 |
| വിധവാ പെൻഷൻ | | 3615480 | 359 |
| വാർദ്ധക്യകാല പെൻഷൻ | | 6287100 | 765 |
| വികലാംഗ പെൻഷൻ | | 1755250 | 157 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 265160 | 23 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60000 | 03 |
| ആകെ | 15422430 | 1852 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-11-2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹9,225/-യുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു .

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം.

സ്റ്റോക്ക് രജിസ്റ്ററുകൾ സമഗ്രമല്ല. സെക്രട്ടറിമാരുടെ സ്ഥലമാറ്റ സമയത്ത് സ്റ്റോക്ക് രേഖാമൂലം കൈമാറ്റം ചെയ്യുന്നില്ല. കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തികൾ സൃഷ്ടിക്കുന്നത് കൃത്യമായി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല.

ഓഫീസ് പ്രവർത്തനങ്ങൾ.

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമാണ്. തിരക്ക് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ.

ഗ്രാമ പഞ്ചായത്തിലെ 14വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്ക് യഥാവിധി പരിപാലിക്കുന്നില്ല. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-10-2016 | സെപ്തംബർ 2016 | 11-11-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-09-2006 മുതൽ 30-09-2006 വരെ | 1997-98 മുതൽ 2005-06 വരെ | 22-11-2006 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 18 ൽ പെർമനന്റ് അഡ്വാൻസ് ₹200/-ക്ക് പകരം ₹556/-യാണ് ഉള്ളത്.

2. 2014-15 വർഷത്തെ ബാലൻഷീറ്റ് ഷെഡ്യൂൾ ബി 15 പ്രകാരം തൊഴിൽ നികുതി, ഡി ആൻറ് ഒ ലൈസൻസ് എന്നി ഇനങ്ങളിൽ കുടിശിക ഇല്ലാതിരിക്കെ 2015-16 വാർഷിക കണക്കുപ്രകാരം ഈ ഇനങ്ങളിൽ യഥാക്രമം ₹750, ₹200 വീതം വരവുണ്ട്.

3. പ്രധാന നികുതി ഇനമായ വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. തന്മൂലം ബാലൻസ് ഷീറ്റ് പ്രകാരമുള്ള തൻവർഷ കുടിശ്ശിക ₹1825687/-യും മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയായ ₹2038818/-യുടെയും കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിഷ്കരിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14-01-2011-ലെ 19/2011 നമ്പർ വിജ്ഞാപന പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി ച.മീറ്ററിന് ₹500/-ആയി നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ വസ്തുനികുതി രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി നാളിതുവരെ പരിഷ്കരിച്ച് ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നമ്പർ | മൊബൈൽ കമ്പനി | ടവറിന്റെ അളവ് | പരമാവധി ഈടാക്കാവുന്ന നികുതി (₹500/m2) |
|---|---|---|---|
| 1 | വോഡഫോൺ എസ്സാർ സെല്ലുലാർ ലിമി. (വാർഡ്-I/238 എ) | 20 M2 | 10000 |
| 2 | ഇൻഡസ് ടവേർസ് ലി. (വാർഡ്-3, 218 ബി) | 20 M2 | 10000 |
| 3 | വോഡഫോൺ എസ്സാർ സെല്ലുലാർ ലിമി. (വാർഡ്-4/240) | 20 M2 | 10000 |
| 4 | ടാറ്റാ ടെലി സർവീസ് ലി. (വാർഡ്-6, 271) | 20 M2 | 10000 |
| 5 | ടാറ്റാ ടെലി സർവീസ് ലി. (വാർഡ്-6, 272/) | 20 M2 | 10000 |
| 6 | ഐഡിയ കമ്മ്യൂണിക്കേഷൻസ് (വാർഡ്-6, നെല്ലിമല, 282/VI) | 20 M2 | 10000 |
| 7 | റിലയൻസ് ടെലികോം ഇൻഫ്രസ്ടക്ചർ (വാർഡ്-3,222) | 20 M2 | 10000 |
| 8 | ഇൻഡസ് ടവേർസ് ലി. (വാർഡ്-XII/273 ബി) | 20 M2 | 10000 |
| | | ആകെ | 80000/- |

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും ടെലിഫോൺ ടവറുകളുടെ വസ്തു നികുതി പരിഷ്കരിക്കാത്തത് സംബന്ധിച്ച് പരാമർശമുണ്ടായിരുന്നിട്ടും ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാത്തത് ഗുരുതര വീഴ്ചയായി ഓഡിറ്റ്

വിലയിരുത്തുന്നു. പട്ടികയിൽ പരാമർശിക്കുന്ന ടവറുകളുടെ വസ്തു നികുതി പരിഷ്കരിച്ച് കുടിശികയടക്കം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കരിമണ്ണൂർ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൻ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്ന അർദ്ധവർഷം |
|---|---|---|
| 1 | വി.ഇ. ഒ. ഓഫീസ് കരിമണ്ണൂർ | II |
| 2 | ഡയറി എക്സ്റ്റൻഷൻ ഓഫീസ് | I & II |
| 3 | ദീപ്തി ഇംഗ്ലീഷ് മീഡിയം സ്കൂൾ, കരിമണ്ണൂർ | I & II |
| 4 | ദാറുൽ ഫത്തേഹ് പബ്ലിക്ക് സ്കൂൾ ഞറുക്കുറ്റി | II |
| 5 | ഐ.സി.ഡി.പി സബ് സെന്റർ തൊമ്മൻകുത്ത് | I |
| 6 | ഫോറസ്റ്റ് റേഞ്ച് ഓഫീസ് കാളിയാർ | I |
| 7 | കേരള വാട്ടർ അതോറിറ്റി സെക്ഷൻ-2 | I |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്. പഞ്ചായത്തിന് ലഭ്യമാകേണ്ട തുകകൾ യഥാസമയം പിരിച്ചെടുക്കുന്നതിൽ വരുന്ന വീഴ്ചകൾ ഭരണകർത്താക്കളും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇന്ദിര ആവാസ് യോജന- വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല.

| ക്രമനം | പദ്ധതി നം &പദ്ധതി | ബിൽനം തീയതി | തുക ₹ | ഡി.ഡി.നം &തീയതി | നിർവ്വഹണ ഏജൻസി | നിർവ്വഹണ ഉദ്യോഗസ്ഥൻ | തടസ്സ കാരണം |
|---|---|---|---|---|---|---|---|
| 1 | 17/2016ഐ.എ.വൈ (ജനറൽ) | 23/2015-16 തീയതി 26-10-2015 | 2,80,000 | ലഭ്യമല്ല | ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി | ഔദ്യോഗിക രസീത്, ഡി.ഡി പകർപ്പ്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 2 | 26/2016ഐ.എ.വൈ (എസ്.സി.പി) | 06/2015-16 തീയതി 26-10-2015 | 2,60,000 | 179881 തീയതി 29-03-2016 | | അസി. സെക്രട്ടറി | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| ആകെ | | | 5,40,000 | | | | |

ഇളംദേശം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കി ₹5,40,000/-യുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 ചെലവു രേഖകൾ അപൂർണ്ണം

ചെലവ് രേഖകൾ ആധികാരികമാക്കുന്നതിന് അവശ്യം സൂക്ഷിക്കേണ്ട വിശദാംശങ്ങളും രേഖകളും ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആകയാൽ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച താഴെ പറയുന്ന തുകകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും ലഭ്യമാക്കിയില്ല.

| വൗച്ചർ നം | തുക ₹ | ചെലവിനം | കുറിപ്പ് |
|---|---|---|---|
| 26/6.4.15 | 1500 | സാക്ഷരതാ കലോത്സവം-സംഭാവന | ജില്ലാ സാക്ഷരതാ മിഷന് നല്കുന്നതിനാണ് നിർദ്ദേശമെങ്കിലും സാക്ഷരതാ പ്രേരകാണ് തുക കൈപ്പറ്റിയത്. ജില്ലാ മിഷനിൽ ഒടുക്കിയതിന്റെ രേഖ ഹാജരാക്കിയില്ല. |
| 21/5.5.15 | 170199 | ലൈബ്രറി സെസ് ഒടുക്കുവാൻ പിൻവലിച്ചത് | ഔദ്യോഗിക കൈപ്പറ്റ് രസീത് ഇല്ല. |
| 33/11.5.15 | 3078 | MGNREGS അക്കൗണ്ട് സീറോ ബാലൻസ് ആക്കിമാറ്റുന്നതിന് അക്കൗണ്ടിലുള്ള തുക പിൻവലിച്ചത് | സംസ്ഥാന മിഷൻ ഡയറക്ടറുടെയും മെമ്പർ സെക്രട്ടറിയുടെയും പേരിലുള്ള വെള്ളയമ്പലം എസ്.ബി.റ്റി. ബ്രാഞ്ചിൽ തുകയൊടുക്കാനാണ് നിർദ്ദേശമെങ്കിലും പ്രസ്തുത അക്കൗണ്ടിൽ തുക വരവു വച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല. |
| 56/19.10.15 | 59600 | തൊഴിലുറപ്പ് ശമ്പളം, ഉത്സവബത്ത റീക്കൂപ്പുചെയ്യുന്നതിന് പിൻവലിച്ച തുക | വിശദാംശം ലഭ്യമല്ല |
| 30/9.11.15 | 23760 | വോട്ടേഴ്സ് ലിസ്റ്റ്- പ്രിന്റിംഗ് ചാർജ് നല്കിയത് | വിശദാംശം ലഭ്യമല്ല |
| 59/14.3.16 | 4350 | കമ്പിപാലത്തിന് താഴെ തടയണ നിർമ്മിച്ചതിന് ചെലവഴിച്ച തുക | വിശദാംശം ലഭ്യമല്ല |
| 95/21.3.16 | 192829 | ലൈബ്രറിസെസ് ഒടുക്കിയത് | ഔദ്യോഗിക കൈപ്പറ്റ് രസീത് ഇല്ല |
| 34/4.3.16 | 7350 | റിക്കാർഡ് റൂം ഫയലുകൾ | വിശദാംശം ലഭ്യമല്ല |

| | | | |
|---|---|---|---|
| | | അടുക്കുന്നതിന് നിയമിച്ചതിനുള്ള വേതനം | |
| 35/4.3.16 | 6300 | റിക്കാർഡ് റൂം ഫയലുകൾ അടുക്കുന്നതിന് നിയമിച്ചതിനുള്ള വേതനം | വിശദാംശം ലഭ്യമല്ല |
| 36/4.3.16 | 5950 | റിക്കാർഡ് റൂം ഫയലുകൾ അടുക്കുന്നതിന് നിയമിച്ചതിനുള്ള വേതനം | വിശദാംശം ലഭ്യമല്ല |
| 86/16.2.16 | 2000 | ഹെഡ് ക്ലാർക്ക് ശ്രീ.കെ.സേതുവിന്റെ ഓണം അഡ്വാൻസ് കൊട്ടിയൂർ ഗ്രാമ പഞ്ചായത്തിലേക്ക് ഒടുക്കിയത് | കൈപ്പറ്റ് രസീത് ലഭ്യമല്ല |
| 50/14.05.15 | 12000 | മാതൃഭൂമിക്ക് നൽകിയത് | വിവിധ ടെൻഡർ/ക്വട്ടേഷൻ പരസ്യങ്ങളുടെ പ്രസിദ്ധീകരണ ചാർജിനത്തിൽ നൽകിയ തുകകൾ ഔദ്യോഗിക കൈപ്പറ്റ് രസീതുകൾ ലഭ്യമല്ല. |
| 9/04.05.15 | 3250 | എക്സ് പ്രസ്സ് പബ്ലിക്കേഷൻസിന് നൽകിയത് | |
| 40/28.09.15 | 17600 | മാതൃഭൂമിക്ക് നൽകിയത് | |
| 72/26.10.15 | 2800 | മംഗളം ദിനപത്രത്തിന് നൽകിയത് | |
| 32/12.11.15 | 270 | എക്സ് പ്രസ്സ് പബ്ലിക്കേഷൻസിന് കുറവ് വന്ന തുക നൽകിയത് | |
| ആകെ | 512836 | | |

## 3-3 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം പ്രോജക്ടിലെ തടസ്സം ₹279000/-

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്ട് നം. | 114/2016 |
| പേര് | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് |
| അടങ്കൽ | ₹280000 |

| | |
|---|---|
| തുക/ബിൽ നം. | ₹279000/- 07/2015-16 തീ 28.10.2015 |

തൊഴിലധിഷ്ഠിത കോഴ്സുകൾക്കും ബിരുദാനന്തര ബിരുദത്തിനും പഠിക്കുന്ന എസ്.സി.വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലാപ് ടോപ്പ് വിതരണം നടത്തുന്നതിന് വിഭാവനം ചെയ്ത പ്രോജക്ടാണിത്. കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത തൊടുപുഴ ഇൻസൈറ്റ് സിസ്റ്റംസ് എന്ന സ്ഥാപനത്തിന്റെ 13.10.2015 ലെ 104/ബി നമ്പരായുള്ള ഇൻവോയ്സ് പ്രകാരം ₹279000/- പിൻവലിച്ചു. പ്രോജക്ട് നടത്തിപ്പിൽ ചുവടെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1. വാങ്ങിയ ലാപ് ടോപ്പുകൾ സ്റ്റോക്കിൽ എടുത്തിട്ടില്ല.
2. ലാപ് ടോപ്പുകൾ കൈപ്പറ്റിയതായി വിദ്യാർത്ഥികളുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകളാൽ ₹279000/- ന്റെ ചെലവ് തടസ്സം ചെയ്യുന്നു. അപാകതകൾ പരിഹരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി-അപാകതകൾ.

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പദ്ധതി നം | 164/2016 |
| പദ്ധതി | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | ₹4,00,000 |
| ബിൽ നം./തുക | 08/2015-16 തീ 12.02.2016 ₹1,00,000 |
| | 18/2015-16 തീ 29.02.2016 ₹1,50,000 |

| ക്രമനം | ഗുണഭോക്താവ് | തുക ₹ | ഡി.ഡി നം തീയതി |
|---|---|---|---|
| 1 | രേഷ്മ രജിമോൻ | 50000 | 967546 12.02.2016 |
| 2 | രാജീവ് പി.കെ | 50000 | 967545 12.02.2016 |
| 3 | ബിന്ദു കെ.കെ | 50000 | 967771 01.03.2016 |
| 4 | തങ്കമ്മ കുഞ്ഞുകുട്ടി | 50000 | - |
| 5 | വിമലൻ പി.കെ | 50000 | 967770 01.03.2016 |
| ആകെ | | 250000 | |

പ്രോജക്ട് നിർവ്വഹണത്തിൽ താഴെ പരാമർശിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല എന്ന് കാണുന്നു.

1. പട്ടിക ജാതി വകുപ്പിൽ നിന്നും ഈ ഇനത്തിൽ ധനസഹായം ലഭിച്ചവരല്ല എന്ന സാക്ഷ്യപത്രമില്ല.

2. ബി.പി.എൽ കുടുംബമാണെന്നതിനുള്ള രേഖയില്ല.
3. നിർമ്മിക്കുന്ന പഠനമുറിയുടെ എസ്റ്റിമേറ്റ് എടുത്തിട്ടില്ല.
4. നിർമ്മിച്ച പഠനമുറിക്ക് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ളതാണെന്ന് എഞ്ചിനീയറുടെ അളവ് രേഖപ്പെടുത്തിയിട്ടില്ല.
5. മെഷർമെന്റ് അടിസ്ഥാനമാക്കിയല്ല ധനസഹായം നൽകിയിട്ടുള്ളത്.

മേൽ അപാകതകളാൽ ₹2,50,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 ഖരമാലിന്യ നിർമ്മാർജ്ജനം- ഫയലുകൾ ഹാജരാക്കിയില്ല.

ഓഡിറ്റ് വർഷം മാലിന്യ നിർമ്മാർജ്ജനത്തിനായി തനതുഫണ്ടിൽ നിന്നും താഴെ പറയുന്ന വൌച്ചറുകൾ പ്രകാരം ആകെ ₹2,29,150/- ചെലവഴിച്ചിട്ടുണ്ട്.

| വൌച്ചർനം & തീയതി | തുക |
|---|---|
| 27/6.4.15 | 22500 |
| 31/6.5.15 | 3000 |
| 42/14.5.15 | 17200 |
| 57/16.5.15 | 3000 |
| 31/4.6.15 | 4500 |
| 32/5.6.15 | 15900 |
| 67/15.6.15 | 3000 |
| 73/23.6.15 | 3000 |
| 18/1.7.15 | 13650 |
| 21/8.7.15 | 3000 |

| | |
|---|---|
| 78/28.7.15 | 3500 |
| 18/4.8.15 | 15900 |
| 15/7.9.15 | 14400 |
| 23/5.10.15 | 15900 |
| 29/5.12.15 | 16800 |
| 56/16.12.15 | 2400 |
| 87/22.12.15 | 3000 |
| 88/23.12.15 | 2400 |
| 89/23.12.15 | 2400 |
| 90/23.12.15 | 2400 |
| 28/7.1.16 | 2400 |
| 29/7.1.16 | 2400 |
| 30/7.1.16 | 2400 |
| 31/7.1.16 | 3000 |
| 59/22.1.16 | 4000 |
| 20/1.2.16 | 11400 |
| 21.2.2.16 | 16500 |
| 33/4.3.16 | 16200 |

| | |
|---|---|
| 102/23.3.16 | 3000 |
| ആകെ | 229150 |

ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും ഫയലുകളും ലഭ്യമാക്കിയില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ ടി ആവശ്യത്തിനായി ചെലവഴിച്ച ₹2,29,150/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ഹോമിയോ-മരുന്ന് വാങ്ങുന്നതിന് തുക നൽകിയെങ്കിലും ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 104/2016 |
| പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| ബിൽ നം | 41/2015-16 തീ 22.03.2016 |
| തുക | ₹75000/- |

കേരള സംസ്ഥാന ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസിയുടെ 18-01-2016 ലെ ഫി.എഫ്. 1168 നം ഇൻഡന്റ് പ്രകാരം ₹75000/- പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (ഡി.ഡിനം 967948 തീ 29-03-2016). എന്നാൽ നാളിതുവരെയും മരുന്ന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹75000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ എടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 മീഡിയാശ്രീക്ക് തുക നൽകിയെങ്കിലും പ്രോജക്ട് പൂർത്തീകരിച്ചില്ല

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പദ്ധതി നം | 23/2016 |
| പദ്ധതി | മീഡിയാശ്രീ |
| ബിൽ നം | 10/2015-16 |
| തുക | ₹65000 |

ഗ്രാമപഞ്ചായത്തിന്റെ സംസ്കാരവും ചരിത്രവും വർത്തമാനങ്ങളും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്ന പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.03.2015 ലെ സ.ഉ (സാധാ) 813/2015നമ്പർ ഉത്തരവിലെ നിർദ്ദേശാനുസരണം ₹65000/-മീഡിയാശ്രീക്ക് നല്കിയിട്ടുണ്ട്. എന്നാൽ ലക്ഷ്യമിട്ട രീതിയിൽ പ്രോജക്ട് പൂർത്തീകരിച്ച് ഡോക്യുമെന്ററി പുറത്തിറക്കിയില്ല. ആയതിനാൽ ₹65000/-ന്റെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഡോക്യുമെന്ററി അടങ്ങിയ സി.ഡി, പൂർത്തീകരണ സാക്ഷ്യപത്രം, വാല്യുവേഷൻ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 3-8 കൃഷി ഓഫീസറുടെ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല

പഞ്ചായത്തിലെ 90% ജനങ്ങളും കാർഷിക മേഖലയിൽ ഉപജീവനം നടത്തുന്നവരാണ്. പഞ്ചായത്തിൽ 3587 ഹെക്ടർ കൃഷിഭൂമി ഉള്ളതിൽ 85ഹെക്ടർ സ്ഥലം തരിശായി കിടക്കുന്നു. കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം പഞ്ചായത്തിൽ ആകെ 129540 തെങ്ങുകൾ ഉണ്ടെങ്കിലും കേവലം 323830 നാളികേരം മാത്രമാണ് ശരാശരി വാർഷിക ഉത്പാദനം. തെങ്ങുകൾ പലതും കാറ്റ് വീഴ്ച, മണ്ഡരി തുടങ്ങിയ രോഗങ്ങളുടെ ആക്രമണത്തിനിരയായി നശിച്ചുകൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ കപ്പകൃഷി വൈറസ് രോഗബാധമൂലം ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ്. കാർഷിക മേഖലയിലെ ഇത്തരം ഗുരുതരമായ പ്രതിസന്ധികൾ നിലനിൽക്കെ കരിമണ്ണൂർ കൃഷി ഓഫീസർ 2015-16 വർഷം ആകെ വകയിരുത്തിയ തുകയുടെ 16.6% മാത്രമാണ് ചെലവഴിച്ചത് എന്ന വസ്തുത ഏറെ ശ്രദ്ധിക്കപ്പെടേണ്ടതാണ്. പച്ചക്കറി കൃഷിക്ക് ഏറെ അനുയോജ്യമായ ഭൂപ്രദേശമായ കരിമണ്ണൂരിൽ പച്ചക്കറി കൃഷിയുടെ വികസനത്തിനായി പച്ചക്കറി തൈവിതരണം എന്ന പ്രോജക്ട് രൂപീകരിക്കുകയും ₹2,50,000/- വകയിരുത്തുകയും ചെയ്തുവെങ്കിലും ₹6400/-മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വ്യാപകമായി പച്ചക്കറികൃഷി നടത്തുന്ന കരിമണ്ണൂരിൽ പച്ചക്കറി തൈവിതരണത്തിന് ആവശ്യത്തിനു ഗുണഭോക്താക്കളെ ലഭിക്കാത്തതിന് കാരണം വ്യക്തമല്ല. ഭൂപ്രദേശത്തിന്റെ പ്രത്യേകതകൾ മനസിലാക്കി പ്രോജക്ടുകൾ വിഭാവനം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക₹ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 03.08.2013 ലെ സ.ഉ(സാധാ) 2053/13 ഉത്തരവ് പ്രകാരം കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും ₹8,50,00,00/- വായ്പ എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ ₹ | പലിശ ₹ | |
| പുനരധിവാസത്തിന് സ്ഥലം വാങ്ങൽ | കെ.യു. ആർ. ഡി. എഫ്.സി/ജി.പി/312/ 2013, തീ 10.11.2013 | 3440000 (തീ.06.06.2014) | 3562858 | 614290 | 1060645 | 2948568 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹297613 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | ₹297613 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹*297613* |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക ₹ |
|---|---|
| എഫ്.ഡി രസീത് നം 659948 തീ 17.03.2012 സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് കരിമണ്ണൂർ | ₹*297613* |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 3-27 | 1998 | 9-(II) | പൊതുമരാമത്ത് ജോലികൾക്ക് ആവശ്യത്തിൽ കവിഞ്ഞ് സാധനങ്ങൾ വാങ്ങിയതിന്റെ അധിക വില (പണിക്കൻകോട റോഡ്) | ലഭ്യമാക്കി യില്ല. |
| 2000-01 | 30 | 2002-03 | | വോട്ടർ പട്ടിക രണ്ടാമതും അച്ചടിപ്പിച്ചത്- ചെലവ് നിരാകരിച്ചത് | - |
| 2003-04 | 3-6 | 2006-07 | 3.36.1 | തെരുവ് വിളക്ക് സ്ഥാപിക്കൽ, ലക്ഷ്യം നേടാത്തത് | - |
| 2003-04 | 3-11(2) | 2006-07 | 3.35.2(32) | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല. | - |
| അവലോകന റിപ്പോർട്ട് | | 2014-15 | അനുബന്ധം - 4 | കർഷക തൊഴിലാളി പെൻഷൻ | - |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹25164743 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹33798225 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹1984986 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

**(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 3-1 | 540000 | 280000 | ശ്രീ. കെ.കെ ശശി,സെക്രട്ടറി |
| | | 260000 | ശ്രീ.പി.റ്റി ദീപീഷ്, അസി.സെക്രട്ടറി |
| 3-2 | 512836 | 174777 | ശ്രീ. ജോർജ്ജ് ജോസഫ്, സെക്രട്ടറി |
| | | 326059 | ശ്രീ. കെ.കെ ശശി,സെക്രട്ടറി |
| | | 12000 | ശ്രീ. വി.എ അഗസ്റ്റ്യൻ, സെക്രട്ടറി അധികച്ചുമതല |
| 3-3 | 279000 | ശ്രീ.പി.റ്റി ദീപീഷ്, അസി.സെക്രട്ടറി | |
| 3-4 | 250000 | ശ്രീ.പി.റ്റി ദീപീഷ്, അസി.സെക്രട്ടറി | |
| 3-5 | 229150 | 25500 | ശ്രീ. ജോർജ്ജ് ജോസഫ്, സെക്രട്ടറി |
| | | 63250 | ശ്രീ. വി.എ അഗസ്റ്റ്യൻ, സെക്രട്ടറി അധികച്ചുമതല |
| | | 137400 | ശ്രീ. കെ.കെ ശശി,സെക്രട്ടറി |
| 3-6 | 75000 | ശ്രീ. കെ.കെ ശശി,സെക്രട്ടറി | |
| 3-7 | 65000 | ശ്രീ.പി.റ്റി ദീപീഷ്, അസി.സെക്രട്ടറി | |
| ആകെ | 1984986 | | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-1 മുതൽ 3-9 വരെ

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

-ബാധകമല്ല-

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1994-1995 | എൽ.എഫ്.ഐ.-6/151/96/4.11.1996 | |

| | | |
|---|---|---|
| 1995-1996 | എൽ.എഫ്.ഐ.-7/108/98/30.03.1998 | |
| 1996-1997 | എൽ.എഫ്.ഐ.-6/116/98/31.03.1998 | |
| 1997-1998 | എൽ.എഫ്.ഐ.-7/414/99/30.09.1999 | |
| 1998-1999 | എൽ.എഫ്.ഐ.-7/164/2000/24.07.2000 | |
| 1999-2000 | എൽ.എഫ്.ഐ.-7/403/2001/07.11.2001 | |
| 2000-2001 | എൽ.എഫ്.ഐ.-7/303/2002/19.07.2002 | |
| 2001-2002 | എൽ.എഫ്.ഐ.-7/592/03/15.03.2004 | |
| 2002-2003 | എൽ.പ്പോഫ്.ഐ.-7/415/05/05.11.05/02.12.05 | |
| 2003-2004 | എൽ.എഫ്.ഐ.-8/109/06/30.06.06/13.10.06 | |
| 2004-2005 | എൽ.എഫ്.ഐ.-8/648/07/14.09.08/06.10.09 | |
| 2005-2006 | എൽ.എഫ്.ഐ.-8/540/08/17.12.08/08.01.09 | |
| 2006-2007 | എൽ.എഫ്.ഐ.-8/880/2009/23.03.2010 | |
| 2007-2008 | എൽ.എഫ്.ഐ.-8/879/09/12.05.10/04.03.11 | |
| 2008-2009 | എൽ.എഫ്.ഐ.-10/932/10.17.11/08.12.11 | |
| 2009-2010 | എൽ.എഫ്.ഐ.-10/397/12/31.05.12/19.06.12 | |
| 2010-11 &<br>2011-12 | എൽ.എഫ്.ഐ-10/1013/12 തീ. 04.01.2013 | |
| 2012-13<br>2013-14 | എൽ.എഫ്.ഐ.10/1098/2014/തീ.10.11.2014 | |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-10/1025/16 തീ 29.07.2016 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ്

## <u>അനുബന്ധം-1</u>

### <u>ഓഡിറ്റ് സാക്ഷ്യപത്രങ്ങൾ</u>

നം.കെ.എസ്.എ-ഐ.ഡി.കെ- 10/1571/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
Ph:04862-227332
e-mail:doidk.ksad@kerala.gov.in
തീയതി:28.11.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ 1-12 ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ള പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK-10 /1571/2016

Kerala State Audit Department
District Audit Office,Idukki
Ph:04862-227332
e-mail:doidk.ksad@kerala.gov.in

Date: .28.11.2016

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Karimannor Grama Panchayat in Idukki District for the year ended on 31-03-2016 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Karimannoor Grama Panchayath for the year 2015-16 except the observations in my Audit Report, properly presents the picture of income and expenditure .

DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT